സുഹറയുടെ നിയമന അംഗീകാരം

66 (3813) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ മുട്ടിൽ ഡബ്ളിയു എം. ഒ. അന്ധ-ബധിര സ്കൂളിലെ ക്രാഫ്റ്റ് അദ്ധ്യാപിക സുഹറ നിയമന അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

സർക്കാർ ഉത്തരവ് (കൈ) നമ്പർ.338/05/പൊ.വി.വ തീയതി 27-8-2005 പ്രകാരമാണ് വയനാട് മുട്ടിൽ അന്ധവിദ്യാലയത്തിന് എയ്ഡഡ് പദവി അനുവദിച്ചത്. അതിൻപ്രകാരം ഒരു സ്പെഷ്യൽ ടീച്ചറുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തസ്തികയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും മാത്രമേ അദ്ധ്യാപകനെ നിയമിക്കാവൂ എന്ന് ടി ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതിനാൽ ഈ തസ്തികയിൽ ക്രാഫ്റ്റ് അദ്ധ്യാപിക യായി നേരിട്ട് നിയമിക്കപ്പെട്ട ശ്രീമതി സുഹറയുടെ നിയമനം അംഗീകരിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനുള്ള നടപടികൾ

67 (3815) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളേജിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏതൊക്കെ ബ്രാഞ്ചുകൾ ഉണ്ട് എന്നും, പുതുതായി ഏതെങ്കിലും ബ്രാഞ്ച് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിൽ വിവിധ കോഴ്സുകളിലായി എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും, എത്ര അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നും വ്യക്തമാക്കുമോ ;

(ഡി) കോളേജ് ഗവേണിംഗ് ബോഡി അവസാനമായി യോഗം ചേർന്നത് എന്നാണെന്നും, നിലവിൽ അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly